# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: info.pol@kerala.gov.in

No. 56/PR/PIC/PHQ/18 Date : 08.03.2018

---

## വനിതാദിനത്തിൽ വിവിധ ചുമതലകളിൽ മികവു തെളിയിച്ച് വനിതാ പോലീസ് സേനാംഗങ്ങൾ

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് സ്റ്റേഷൻ ഹൗസ് ഓഫീസറുൾപ്പെടെ വിവിധ ചുമതലകൾ മികവോടെ നിർവഹിച്ച് സംസ്ഥാന പോലീസ് സേനയിൽ വനിതാംഗങ്ങൾ മികവറിയിച്ചു. എല്ലാ ജില്ലകളിലുമായി നൂറോളം സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി വനിതകൾ പ്രവർത്തിച്ചു. ഐ.പി.എസ് തലത്തിൽ വനിതകളുണ്ടെങ്കിലും പ്രധാന ക്രമസമാധാന ചുമതലയിൽ സംസ്ഥാനത്ത് 8 സ്റ്റേഷനുകളിലേ ഇത്തരത്തിൽ വനിതകൾ നിലവിൽ പ്രവർത്തിക്കുന്നുള്ളു. ഒരു ദിവസത്തേക്കാണെങ്കിലും പരാതി സ്വീകരിക്കുന്നതും തീർപ്പാക്കുന്നതും മുതൽ കുറ്റാന്വേഷണം വരെയുള്ള പല ചുമതലകളും കാര്യക്ഷമമായി നിർവ്വഹിച്ച സന്തോഷത്തിലായിരുന്നു വനിതാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ. പല സ്റ്റേഷനുകളിലും ജി.ഡി. ചാർജ്ജ്, സ്റ്റേഷൻ റൈറ്റർ, പാറാവ്, റിസപ്ഷൻ, ഹെൽപ്പ് ഡെസ്ക്, പരാതി പരിഹാരം തുടങ്ങിയ ചുമതലകളും വനിതാ പോലീസ് ഉദ്യോഗസ്ഥർ നിർവഹിച്ചു.

പ്രവർത്തനം വിലയിരുത്താനായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ പേരൂർക്കട പോലീസ് സ്റ്റേഷൻ സന്ദർശിച്ചു. വനിതാ സെൽ ഇൻസ്പെക്ടർ എൽ. ലതയാണ് പേരൂർക്കട എസ്.എച്ച്.ഒ ചുമതല ഇന്ന് നിർവ്വഹിച്ചത്.

"പോലീസിന്റെ വിവിധ ചുമതലകൾ സ്ത്രീ-പുരുഷ ഭേദമില്ലാതെ നിർവ്വഹിക്കപ്പെടുകയാണ് ലക്ഷ്യം. ഇപ്പോൾ ഏഴു ശതമാനം പേരാണ് പോലീസിലെ വനിതകൾ. സർക്കാർ അത് 15 ശതമാനമാക്കി മാറ്റാൻ നടപടികൾ വേഗത്തിൽ നീക്കുകയാണ്. അതിന്റെ ഭാഗമായി വനിതാ ബറ്റാലിയനും കമാൻഡോ വിങ്ങും വന്നു. ഇനിയും പുതിയൊരു വനിതാ ബറ്റാലിയൻ കൂടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതോടൊപ്പം സ്ത്രീസുരക്ഷക്കുള്ള സംവിധാനങ്ങളും കൂടുതൽ മെച്ചപ്പെടണം" - സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പെൺകുട്ടികളും, വനിതാ പോലീസുകാരും സംസ്ഥാന പോലീസ് മേധാവിക്ക് ഗാർഡ് ഓഫ് ഓണർ നൽകി. പേരൂർക്കട പോലീസ് സ്റ്റേഷൻ പരിധിയിലെ ജനമൈത്രീ റസിഡൻഷ്യൽ പ്രവർത്തകരിൽ മുതിർന്ന വനിതയായ സാറാമ്മാ

അലകാസാണ്ടറെ സംസ്ഥാന പോലീസ് മേധാവി പൊന്നാട അണിയിച്ചു. സൗത്ത് സോൺ എ.ഡി.ജി.പി അനിൽകാന്ത്, തിരുവനന്തപുരം റേഞ്ച് ഐ.ജി മനോജ് എബ്രഹാം, സിറ്റി പോലീസ് കമ്മീഷണർ പി.പ്രകാശ്, ജനമൈത്രീ റസിഡൻഷ്യൽ പ്രവർത്തകർ, നിർഭയ പ്രവർത്തകർ മറ്റ് പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു

വനിതാദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് രാവിലെ 6.30 മണിമുതൽ കവടിയാർ ജങ്ഷനിൽ നിന്ന് തുടങ്ങി മ്യൂസിയം, പാളയം, വി.ജെ.ടി.ഹാൾ, ആശാൻ സ്ക്വയർ , പി.എം,ജി., എൽ.എം.എസ്. തുടങ്ങിയ സ്ഥലങ്ങൾ വഴി കനകക്കുന്നുവരെ എഡിജിപി ഡോ. ബി. സന്ധ്യ നേതൃത്വം നല്കിയ **റൺ റാണി റൺ ഹാഫ് മാരത്തോൺ** നടത്തി. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഫ്ളാഗ് ഓഫ് ചെയ്തു, വനിതാ പോലീസ സേനാംഗങ്ങളും കായിക താരങ്ങളും പങ്കെടുത്തു.

രാവിലെ പതിനൊന്നിന പോലീസ് ആസ്ഥാനത്ത് *വനിതകളും സുരക്ഷയും* എന്ന വിഷയത്തിൽ ശില്പശാല നടന്നു. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, സർക്കാറിന്റെ ജൻഡർ അഡ്വൈസർ ഡോ. ടികെ ആനന്ദി, വനിതാ കമ്മീഷൻ അംഗം ഇ.എം രാധ, എഡിജിപി ഡോ. ബി. സന്ധ്യ, വനിതാ ബറ്റാലിയൻ കമാണ്ടന്റ് ആർ. നിശാന്തിനി തുടങ്ങിയവർ സംസാരിച്ചു. തുടർന്നു നടന്ന സാസ്കാരിക പരിപാടിയിൽ എഡിജിപി ആനന്ദകൃഷ്ണൻ, ഐജി.പി.വിജയൻ തുടങ്ങിയവർ പങ്കെടുത്തു.

ഉച്ചയ്ക്ക് രണ്ടുമണിമുതൽ കഴക്കൂട്ടം കിൻഫ്ര അപ്പാരൽ പാർക്കുമായി ചേർന്ന് ആയിരം വനിതകൾ പങ്കെടുക്കുന്ന സ്വയം പ്രതിരോധ പരിശീലന പരിപാടി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉദ്ഘാടനം ചെയ്തു.

മറ്റ് ജില്ലകളിൽ സ്വയം പ്രതിരോധ പരിശീലനം, സെമിനാർ തുടങ്ങിയ പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

********